# തൂലിക

## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ

# ടി എസ് എസ്
# വടക്കാങ്ങര

# ഉള്ളടക്കം


| | | |
|---|---|---|
| സന്ദേശം | | 3 |
| വനങ്ങൾ | ലേഖനം | 4 |
| ലഹരി - സാമൂഹിക വിപത്ത് | ലേഖനം | 5 |
| സത്യസന്ധതയ്ക്ക് സമ്മാനം | കഥ | 6 |
| ഒറ്റപെട്ട ചെടി | കഥ | 8 |
| വിമാനം എന്ന സ്വപ്നം | കഥ | 9 |
| െറിയ പാർപ്പിടം | കഥ | 11 |
| ഉടുപ്പ് | കഥ | 12 |
| വൃദ്ധൻ | കഥ | 13 |
| സിംഹത്തിന്റെ സ്വപ്നരാജ്യം | കഥ | 15 |
| സൗഹൃദം | കഥ | 16 |
| നന്മ | കഥ | 17 |
| കുട | കഥ | 19 |
| സൗഹൃദത്തിൻ്റെ പൂന്തോട്ടം | കഥ | 20 |
| കിളിക്കൂട് | കഥ | 22 |
| മന്ത്രിക കുടം | കഥ | 23 |
| ഇനിയും ഉണരാത്തവർ | കഥ | 25 |
| പ്രകൃതിയും മനുഷ്യനും | കഥ | 27 |
| മലയാൺമ | കവിത | 28 |
| മഴ | കവിത | 29 |
| ആക്കാലം | കവിത | 30 |
| ഓർമ | കവിത | 32 |
| അമ്പിളിമാമാ... | കവിത | 33 |
| മാതൃഭാഷ | കവിത | 34 |
| മാനുഷ്യർ | കവിത | 35 |
| അവസാനശ്വാസം | കവിത | 36 |
| പ്രവാസം | കവിത | 37 |
| സ്ത്രീ | കവിത | 38 |
| വസന്തം | കവിത | 39 |
| അമ്മ | കവിത | 40 |
| പ്രകൃതി | കവിത | 41 |
| നന്ദി... | | 49 |

# സന്ദേശം

ടി എസ് എസിലെ 2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ് പുറത്തിറക്കുന്ന തൂലിക എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും അറിയിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ നിങ്ങളുടെ കഴിവിനെ വളർത്തുന്നതിനും നിങ്ങളിൽ ഒളിഞ്ഞിരിക്കുന്ന സർഗവാസനകളെ വളർത്തുന്നതിനും സഹായിക്കട്ടെ എന്നും ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ
മുഹമ്മദ് മുസ്തഫ ടി

# വനങ്ങൾ

മനുഷ്യൻ അടക്കമുള്ള ജീവജാലങ്ങളുടെ ജീവൻ നിലനിർത്തുന്നത് വനങ്ങളാണ്. കെട്ടിടത്തിന് ആവശ്യമായ തടി വിറക് തുടങ്ങിയ നിരവധി പ്രയോജനങ്ങളുണ്ട്.വനത്തെ ആശ്രയിച്ചു ജീവിക്കുന്നവർക്ക് നിരവധി തൊഴിൽ അവസരങ്ങൾ നൽകിയും വനങ്ങൾ മനുഷ്യന്റെ നിലനിൽപ്പിൽ നിർണായക പങ്ക് വഹിക്കുന്നു. ഓക്സിജൻ ഉൽപാദനം മണ്ണൊലിപ്പ് തടയൽ ജലസംരക്ഷണം തുടങ്ങിയവയിലൂടെ എല്ലാം മൂല്യമുള്ള സേവനങ്ങളും വനങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ ഇന്ന് മനുഷ്യർ വനങ്ങൾ വെട്ടി നശിപ്പിച്ച് അവിടെ കോറികളും കെട്ടിടങ്ങളും ഉണ്ടാക്കി പ്രകൃതിയെ ഇല്ലാതാക്കുകയാണ്. വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കേണ്ടത് നാം ഓരോ പൗരന്റെയും കടമയാണ്.

-Yumna Fathima
9-I

# ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹിക വിപത്ത്

മനുഷ്യനെ നിത്യ ദുഃഖതിലേക്കും അകാല മരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരി സമൂഹ ജീവിതത്തിൽ ഇവ എത്രമാത്രം സ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ അത്രതന്നെ അപകടകരമായ അവസ്ഥയിലേക്കാണ് ഇന്ന് മനുഷ്യന്റെ യാത്ര. മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവരിൽ ശരീര പ്രതിരോധ ശേഷി നഷ്ടമാവുകയും കരൾ, തലച്ചോറ് തുടങ്ങിയ ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും. മാത്രവുമല്ല കുടുംബം ഭദ്രയെ മദ്യം കൊണ്ടുള്ള വിപത്തുകൾ സാരമാക്കി ബാധിക്കുകയും ചെയ്യും.

ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാമിന്ന് കാണുന്നത്. സ്വന്തം കുടുംബത്തെ പോലും ഇല്ലാതാക്കാൻ യാതൊരു മടിയും ഇല്ല.

ചുരുക്കത്തിൽ മദ്യവും മയക്കുമരുന്നും ഇല്ലാത്ത ഒരു ഇന്ത്യ ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം.




-Afra
9I

# സത്യസന്ധതയ്ക്ക് സമ്മാനം

ജെനി ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്.അവൾ നടന്നാണ് സ്കൂളിലേക്ക് പോകുന്നതും വരുന്നതും.ഒരു ദിവസം രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ റോഡിൽ ഒരു ബാഗ് കിടക്കുന്നത് കണ്ടു. അവൾ ആ ബാഗ് എടുത്തു നോക്കി. അതിൽ ഒരു കെട്ട് പണം.സ്കൂളിലെത്തേണ്ട സമയമായതിനാൽ അവൾ വേഗം തന്നെ ബാഗ് പരിചയക്കാരനായ അടുത്ത കടക്കാരൻ രാമുവിനെ ഏൽപ്പിച്ചു പറഞ്ഞു: "റോഡിൽ വീണു കിടന്ന ബാഗാണ്. ഇതു നിറയെ പണമാണ്. മുമ്പേ പോയ ബൈക്കിന്റെ പിറകിൽ നിന്ന് വീണുപോയതാണ്. ഉടമസ്ഥൻ വന്നാൽ കൊടുത്തേക്കുക. ബെല്ലടിക്കാൻ സമയമായി ഞാൻ പോകട്ടെ." അത് പറഞ്ഞ് ജെനി സ്കൂളിലേക്ക് പോയി.

രാമു ബാഗ് തുറന്ന് നോക്കി.ബാഗിൽ നോട്ട് കെട്ടു കെട്ടായി അടുക്കി വച്ചിരിക്കുന്നത് കണ്ടു. അയാൾ ബാഗ് ഉടനെ പോലീസ് സ്റ്റേഷനിൽ എത്തിച്ചു. സ്കൂൾ വിദ്യാർത്ഥിനി ജെനിക്ക് റോഡിൽ കിടന്നു കിട്ടായതാണെന്നുള്ള വിവരം അറിയിച്ചു.

രാമു മടങ്ങി പോരാൻ നിൽക്കുമ്പോൾ ബാഗ് നഷ്ടപ്പെട്ടായാൾ സ്റ്റേഷനിലെത്തി ബാഗ് നഷ്ടപ്പെട്ട വിവരമറിയിച്ചു പരാതിപ്പെട്ടു.

മകളുടെ കല്യാണത്തിന് സ്വർണം എടുക്കാൻ വേണ്ടിയുള്ള വേണുവിന്റെ ബാഗായിരുന്നു അത്. പണം നഷ്ടപ്പെട്ടതറിഞ്ഞ വേണു കരഞ്ഞു വിളിച്ചുകൊണ്ടാണ് പോലീസ് സ്റ്റേഷനിലേക്ക് ചെന്നത്.

വേണു പോലീസ് സ്റ്റേഷനിൽ പരാതിപ്പെടാൻ ചെന്നപ്പോഴാണ് രാമുവിനെ കണ്ടുമുട്ടിയത്. പണം നിറഞ്ഞ

ബാഗ് വേണുവിന്റേതാണെന്ന് തിരിച്ചറിഞ്ഞപ്പോൾ പണവും ബാഗും തിരിച്ചു കൊടുത്തു.
ജെനിയുടെ നല്ല മനസ്സ് വേണുവിന് തിരിച്ചു നൽകിയത് നഷ്ടപ്പെട്ടെന്നു കരുതിയ മകളുടെ ജീവിതമായിരുന്നു.
ജെനിയുടെ സത്യസന്ധതയ്ക്ക് അഭിനന്ദനങ്ങൾ. പോലീസ് സ്റ്റേഷനിൽ നിന്നു സ്ക്രൂളിലേക്ക് ഫോൺ ചെയ്ത് ജെനിയെ അഭിനന്ദിച്ചു.
ഹെഡ്മാസ്റ്റർ ജെനിയെ വിളിച്ചു പറഞ്ഞു: "ജെനി നല്ല കുട്ടിയാണ്. നിങ്ങളെല്ലാവരും ജെനിയെ കണ്ടുപഠിക്കണം. സത്യസന്ധത ജീവിതത്തിൽ പകർത്തണം."

-Alfiya. M
9C

# ഒറ്റപെട്ട ചെടി

ഒരു നാട്ടിൽ മലയുടെ താഴെ ഒരു സൂര്യകാന്തിത്തോട്ടം ഉണ്ടായിരുന്നു. അവിടെ ഒറ്റപെട്ട ഒരു റോസാ ചെടി ഉണ്ടായിരുന്നു. അവളെ കാണാൻ ചെറുതായതുകൊണ്ടും മുള്ളുകളുള്ളത് കൊണ്ടും സൂര്യകാന്തികൾക്ക് അവളെ ഇഷ്ട്ടമെല്ലായിരുന്നു. അങ്ങനെ സങ്കടപെട്ടിരിക്കുന്ന അവളുടെ അരികിലേക്ക് ഒരു കുട്ടി വന്ന് പറഞ്ഞു: ഞാൻ നിന്നെ ഒരു സ്ഥലം വരെ കൊണ്ടുപോകാം. കുറച്ച് ആലോചിച്ച ശേഷം റോസാ ചെടി അതിന് സമ്മതിച്ചു. എന്നിട്ട് ചെടിയ ഒരു കവറിലാക്കി കൊണ്ടുപോയി. കുറേ ദൂരം ഉള്ളതിനാൽ റോസാചെടി ഒന്ന് മയങ്ങി. അവൾ ഉണർന്നപോൾ അവളെ അത്ഭുതപ്പെടുത്തി കൊണ്ട് കുറേ പേർ അവളെ പോലെയുണ്ട്. ആളുകൾ വന്ന് അവരുടെ അടുത്ത് നിന്ന് ഫോട്ടോ എടുത്തും കളിച്ചും സമയം ചിലവഴിക്കുന്നു.



-Risa
9H

# വിമാനം എന്ന സ്വപ്നം

നേവര എന്ന ഒരു ചെറിയ ഗ്രാമത്തിൽ കേശു എന്ന പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ ഏറ്റവും വലിയ ആഗ്രഹം ആണ് വിമാനത്തിൽ കെയറുക എന്നത് പക്ഷെ അവന്റെയും അവന്റെ കുടുംബത്തിന്റെ കൈയിൽ അതിന് ഉള്ള പണം ഒന്നുമില്ല. അവന്റെ അച്ഛൻ കൂലിപ്പണിക്ക് ആണ് പോകുന്നെ അങ്ങനെ അവൻ അവന്റെ ആഗ്രഹം അച്ഛനോട് പറഞ്ഞപ്പോൾ അവർ കളിയാക്കി ചിരിക്കുക ആയിരുന്നു അപ്പോൾ കേശുവിന് മനസിലായി സ്വയം അധ്വാനിച്ചു പണം ഉണ്ടാക്കി പോകണം എന്ന്. അങ്ങനെ ദിവസങ്ങൾ കടന്ന് പോയി ഇപ്പോൾ കേശുവിന് 25 വയസ്സ് ഇപ്പോഴും അവന്റെ മനസ്സിൽ വിമാനത്തിൽ പോകണം എന്ന ആഗ്രഹം ഇപ്പോഴും അവന്റെ മനസിൽ ഉണ്ട് പക്ഷെ അവൻ ജോലി ഒന്നും ആയിട്ടില്ല. പട്ടെന്ന് ആണ് അവൻ ആ വാർത്ത കേട്ടത് അവന്റെ അച്ഛൻ മരിച്ചു പോയി അപ്പോൾ അവൻ ആകെ വിഷമിച്ചിരുന്നു ദിവസങ്ങൾ കടന്ന് പോയി അച്ഛൻ മരിച്ചതോടെ അവന്റെ വീട്ടിൽ ഉള്ള പലചരക്കു പണവും എല്ലാം കഴിഞ്ഞിരുന്നു അങ്ങനെ അവൻക്ക് നല്ല ഒരു ജോലിക്ക് വേണ്ടി അവൻ നാട് വിടേണ്ടി വന്നു പിന്നീട് അവൻ പോയത് തന്റെ സുഹൃത് ആയ അപ്പുവിന്റെ എടുത്തേക്ക് പോയി മുംബൈയിലാണ് അപ്പുവിന്റെ ജോലി അപ്പു ഒരു കടയുടെ ഉടമസ്ഥൻ ആണ് അങ്ങനെ കേശു

അവന്റെ എടുത്തേക്ക് പോയി കാര്യങ്ങൾ എല്ലാം കേശു അപ്പുവിനോട് പറഞ്ഞു അപ്പോൾ അപ്പു അവന്റെ കടയിൽ സൈൽസ്മാൻ ആയിട്ട് ജ്വോലി ചെയ്യാൻ നിർത്തി പട്ടെന്ന് ഒരു ദിവസം കേശുവിന് ഒരു ബുദ്ധി തോന്നി എനിക്ക് ഒഴിവ് കിട്ടുമ്പോഴല്ലാം പൈലറ്റ് ആകാൻ വേണ്ടി പഠിച്ചു ക്രൂടെ എന്ന്. അങ്ങനെ അവൻ ഒഴിവ് കിട്ടുമ്പോയെല്ലാം അവൻ അധ്യാനിച്ചു പടിക്കുകയായിരുന്നു. കാലങ്ങൾ കടന്ന് പോയി ഇപ്പോൾ കേശുവിന് 30 വയസ്സ് ഇപ്പോൾ അവൻ ഒരു പൈലറ്റ് ആവാൻ പോവുകയാണ് ആ ദിവസം ആണ് അവൻ ആദ്യമായി വിമാനത്തിൽ കയറുന്നത് അങ്ങനെ അവൻ ഏറെ സന്തോഷമായി. പിന്നീട് അവൻ അവന്റെ വീട്ടിലേക് പോവുകയാണ് അവന്റെ അമ്മ അവൻ പൈലറ്റ് ആയി എന്ന അറിഞ്ഞതോടെ അമ്മയും സന്തോഷമായി ഇപ്പോൾ അവരും അവരുടെ കുടുംബവും സന്തോഷത്തോടെ കഴിയുന്നു.

-Fahal
9H

# ചെറിയ പാർപ്പിടം

മിത്രപുരം എന്ന ഒരു പട്ടണത്തിൽ, ഊഷ്മളത തേടി അലഞ്ഞുതിരിയുന്ന ഒരു പൂച്ച പ്രത്യക്ഷപ്പെട്ടു. അനുകമ്പയുള്ളവരായ നഗരവാസികൾ, സുഖപ്രദമായ ഒരു പാർപ്പിടം നിർമ്മിച്ചു. ദിവസങ്ങൾ കടന്നുപോയി, പൂച്ച പ്രിയപ്പെട്ട കൂട്ടുകാരനായി. ടൗണിൽ കളിക്കുമ്പോൾ കുട്ടികൾ ചിരിച്ചു. പെട്ടെന്ന്, കൊടുങ്കാറ്റുള്ള ഒരു രാത്രിയിൽ പൂച്ച അപ്രത്യക്ഷനായി. ആശങ്കാകുലമായ മുഖങ്ങൾ കൂട്ട അന്വേഷണമായി മാറി. ഒടുവിൽ, അഭയകേന്ദ്രത്തിൽ സുരക്ഷിതമായി ചുരുണ്ടുകിടക്കുന്നതായി അവർ കണ്ടെത്തി. കൃതജ്ഞത അവരുടെ ഹൃദയത്തിൽ നിറഞ്ഞു, ഒരു ചെറിയ പ്രവൃത്തിക്ക് പോലും ശാശ്വതമായ ബന്ധങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് തെളിയിക്കുന്ന, ദയയിൽ ഊട്ടിയുറപ്പിച്ച ഒരു ബന്ധം.



-Hanan
9J

# ഉടുപ്പ്

ഒരിക്കൽ ഒരിടത്ത് മീനു എന്ന് പേരുള്ള ഒരു പാവം പെൺകുട്ടിയും അവളുടെ കുടുംബവും ജീവിച്ചിരുന്നു. അവർ ദരിദ്രരാണെങ്കിലും ഉള്ളതുകൊണ്ട് സന്തോഷമായി ജീവിച്ചിരുന്നു. മീനുവിനു ഉടുക്കാൻ നല്ല ഒരു ഉടുപ്പ് പോലും ഉണ്ടായിരുന്നില്ല. അങ്ങനെ ഒരു ദിവസം മീനു സ്ക്രൂളിൽ പോകാൻ ഒരുങ്ങി. വളരെ പഴകിയ ഉടുപ്പായിരുന്നു അവളുടെത് . അതുകണ്ട് സ്ക്രൂളിലെ ഓരോ കുട്ടികളും അവളെ കളിയാക്കാൻ തുടങ്ങി. അവൾ അതൊന്നും കാര്യമാക്കിയില്ല .തന്റെ ചുറ്റുമുള്ള ഓരോ കുട്ടികളും പുത്തൻ ഉടുപ്പിട്ട് വരുന്നു അവൾ വീട്ടിൽ പോയി പരിഭവം ഒന്നും പറയില്ല. അവളുടെ വീട്ടിലെ അവസ്ഥ അവൾക്ക് അറിയാമായിരുന്നു. തന്റെ മാതാപിതാക്കൾക്ക് കഴിയുന്ന സമയം അവർ എന്തായാലും തനിക്കൊരു ഉടുപ്പ് വാങ്ങിത്തരും എന്നാണ് അവൾ ചിന്തിച്ചിരുന്നത്. അവൾ നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു. മീനുവിനെ കളിയാക്കാനും മറ്റും എപ്പോഴും മുന്നിലുണ്ടായിരുന്ന ഒരു കുട്ടിയായിരുന്നു ജൂലി .. ഒരു ദിവസം ജൂലി കളിക്കുന്നതിനിടയിൽ അറിയാതെ കാൽ തെന്നി വീണു. അത് കണ്ട് ക്രൂടെ ഉണ്ടായിരുന്നവരെല്ലാം ചിരിക്കാൻ തുടങ്ങി. ഈ കാഴ്ച കണ്ട് മീനു അവളുടെ അടുക്കൽ ഓടിവരുകയും അവളെ എഴുന്നേൽപ്പിച്ച് മുറിവ് കെട്ടിക്കൊടുക്കുകയും ചെയ്തു. ഇത് കണ്ട് ജൂലി ആകെ അത്ഭുതപ്പെട്ടു. അവൾ അവളുടെ തെറ്റ് മനസ്സിലാക്കി മീനുവിനോട് ക്ഷമ ചോദിച്ചു . അങ്ങനെ മീനുവും ജൂലിയും ക്രൂട്ടുകാരായി. "സമ്പത്ത് ഒരിക്കലും സ്നേഹത്തേക്കാൾ വിലവരുന്ന ഒന്നല്ല"


-Alfiya K.K
9I

# വൃദ്ധൻ

ഒരിക്കൽ ബസ് സ്റ്റോപ്പിന്റെ അടുത്തുള്ള സ്ക്രൂളിൽ മുമ്പിൽ ഉള്ള ബസ്റ്റോപ്പിലാണ് കാഴ്ച കാണുന്നത്. ഒരു വൃദ്ധൻ ഇരുന്ന് ചിത്രം വരയ്ക്കുന്നു. അതിമനോഹരമായിരുന്നു ആ ചിത്രം. അയാൾ തറയിലാണ് വരച്ചിട്ടുള്ളത് അതും ചോക്ക് കൊണ്ട്. പക്ഷേ ചോക്ക് കഷണങ്ങൾ,ഓയിൽ പെയിന്റ്,ഒരു നിറം വാങ്ങിയ വെള്ളത്തുണി വിരിച്ചിരിക്കുന്നു അതിൽ ആർക്കും വേണ്ടാത്ത കുറച്ച് ചില്ലറകളും നോട്ടുകളും അദ്ദേഹം വരച്ചു കളഞ്ഞു.
ഞാൻ സംസാരിക്കാൻ ചെന്നു. കുറെ സംസാരിച്ചു ഇങ്ങനെയുള്ളവരോട് സംസാരിക്കുമ്പോൾ അവർ എന്നോട് ക്രൂടുതൽ സംസാരിക്കാറുണ്ട്... ആരോടും സംസാരിക്കാതെ കുറേക്കാലം ജീവിച്ചത് കൊണ്ടാകാം.

അദ്ദേഹം തന്റെ പത്താം വയസ്സിൽ നാടുവിട്ടതാണ് കയ്യിൽ ഉണ്ടായിരുന്ന കുറച്ചു പണം ഒരാൾ മോഷ്ടിച്ചു കൊണ്ടു പോയി.പത്ത് വയസ്സുള്ള ആ കുഞ്ഞ് കരഞ്ഞു കൊണ്ടിരിക്കുമ്പോൾ ഒരു ചേച്ചി വന്ന് ആ കുഞ്ഞിന് ഭക്ഷണം വേടിച്ചു കൊടുത്തു .
ഭക്ഷണം കഴിച്ചു കഴിഞ്ഞ ഉടനെ  ആ ചേച്ചി പോയി വീണ്ടും ആ ബാലൻ ഒറ്റക്കായി. അങ്ങനെയിരിക്കുമ്പോഴാണ് ആണ് ആ ഹോട്ടലിലെ അടുപ്പിലെ കരിക്കട്ടകൾ ഒഴിവാക്കി ഇട്ടത് കണ്ടത് അതുവെച്ച് അവിടെ ഒരു ചുമരിൽ ആദ്യം ചിത്രം വരച്ചു കണ്ടവർ എല്ലാം അത്ഭുതപ്പെട്ടു. അവിടെയുള്ളവർ

എല്ലാം 25 പൈസ കൊടുത്തു അത് അന്ന് വലിയ തുകയായിരുന്നു. അന്ന് ആ ബാലൻ മനസ്സിൽ ഉറപ്പിച്ചതാണ് ഇതാണ് എന്റെ ജീവിതം ഇങ്ങനെയാണ് ഇനി ഞാൻ മുന്നോട്ടു പോകാൻ പോകുന്നത്. ഇന്ന് വരെ ഇങ്ങനെയാണ് ഈ ജീവിതം.



-Hiba Sherin
9H

# സിംഹത്തിന്റെ സ്വപ്നരാജ്യം

കാട്ടിലെ സർവ്വ ജന്തുക്കളുടേയും രാജാവായിരുന്നു സിംഹം. നല്ലവനും നീതിമാനുമായിരുന്ന സിംഹം രാജകീയ വിളംബര പ്രകാരം ഒരു സർവ്വജന്തു സമ്മേളനം വിളിച്ചു ചേർത്തു. സാർവ്വത്രിക സൗഹൃദവും സാഹോദര്യവും നിറഞ്ഞ രാജ്യം എന്ന രാജസങ്കൽപ്പം സിംഹം മുന്നോട്ട് വെച്ചു. ചെന്നായും ആട്ടിൻ കുട്ടിയും , പുലിയും മാൻ പേടയും, നായും മുയലും ഏവരും ഒരുമിച്ച് ആമോദത്തോടെയും സ്നേഹത്തോടെയും വസിക്കുവാനുള്ള നിബന്ധനകൾ സിംഹരാജൻ മുന്നോട്ട് വെച്ചു. എല്ലാം കേട്ട ശേഷം മുയൽ പറഞ്ഞു
“വർഗ്ഗഭേദമന്യേ , വലുപ്പ ചെറുപ്പമില്ലാതെ, ഏവരും ഒരുമയോടെ കഴിയുന്ന ഈ ദിനത്തിനു വേണ്ടി ഞാൻ എത്രയോ നാളായി കാത്തിരിക്കുന്നു.”
ഇത്രയും പറഞ്ഞിട്ട് മുയൽ തന്റെ ജീവനും കൊണ്ട് ഒറ്റയോട്ടം.

-Fathima Najiya
9J

# സൗഹൃദം

ഒരു നാട്ടിൽ ഒരു ഉമ്മയും ഉപ്പയും ഉണ്ടായിരുന്നു. അവർക്ക് മക്കളൊന്നും ഇല്ലായിരുന്നു. അവർ പുറത്ത് പോയപ്പോൾ പാവം ഒരു കുട്ടിയെ അനാഥാലയത്തിൽ ആകുന്നത് കണ്ടു. അവർ ആ കുട്ടിയെ ദത്തടുത്തു മകനെ വളർത്തി. കുറെ കഴിഞ്ഞു അച്ഛൻ മരിച്ചു. അമ്മ മകനെ സ്നേഹത്തോടെ വളർത്തി കുറെ കാലം കഴിഞ്ഞപ്പോൾ മകൻ വലുതായി അമ്മക് പ്രായമായി.മകന് അമ്മയെ ശല്യമായിതീർന്നു. അങ്ങനെ മകൻ അമ്മയെ അനാഥാലയത്തിൽ ആകുവാൻ കൊണ്ട് പോയി. അനാഥാലയത്തിന്റെ നടത്തിപ്പുകാർക്കെല്ലാം അമ്മയെ പരിചയം. കാര്യം തിരക്കിയപ്പോൾ ഇ രുവത് വർഷത്തിന് മുൻപ്പ് ഒരനാഥകു ഞ്ഞിനെ ദത്തൈടുക്കുവാൻ വന്ന പരിചയമാണെന്ന് പറഞ്ഞപ്പോൾ മകന് മനസ്സിലായി എന്നെ ഈ അമ്മ ദത്തടുത്ത് വളർത്തിയതാണന്ന്. മകൻ അമ്മയെ സങ്കടത്തോടെ നോക്കി അമ്മയെ വീട്ടിലേക്ക് തന്നെ കൊണ്ടുപോയി നല്ല സൗഹൃതത്തിൽ കഴിഞ്ഞു

-Hadhiya
9G

# നന്മ

നരം പുലരുന്നതേയുള്ളൂ,.....
ഒരു കൊച്ചു കുഞ്ഞിന്റെ കരച്ചിൽ കേട്ടാണ് ആ സ്ത്രീ കതക് തുറന്നത്. ഹാവൂ അവർ ഞെട്ടിപ്പോയി വാതിലിനു മുന്നിൽ ഒരു ചോരക്കുഞ്ഞ്. അതിനെ ഒരു പഴയ തുണിയിൽ കെട്ടിപ്പൊതിഞ്ഞിരിക്കുകയാണ്.അവർ ചുറ്റുംപരുതി ആരെയും കാണാനില്ല. ഉപേക്ഷിച്ചിട്ട് പോയത് തന്നെ. അവർ ആ കുഞ്ഞിനെ വാരിയെടുത്തു. കുഞ്ഞു കരയുന്നു പാവം അതിന് ക്ഷീണമുണ്ട്.ഇവിടെആണെങ്കിൽ ഒന്നുമില്ലല്ലോ സ്ത്രീ കുഞ്ഞിനെ കൊണ്ട് തെരുവിലൂടെ നടന്നു. അപ്പോഴാണ് വഴിയരികിൽ ഒരു ചായക്കട കണ്ടത്.



അങ്ങനെ ചായക്കടക്കാരനോട് ചോദിച്ചു സഹോദരാ കുറച്ച് പാൽ തരുമോ?
കുഞ്ഞിനു കൊടുക്കാനാ!!
കടക്കാരൻ സ്ത്രീയെ ഒന്ന് അടിമുടി ഒന്നു നോക്കി.ഹും!! രാവിലെത്തന്നെ കുഞ്ഞിനെ കൊണ്ട് തെണ്ടാൻ ഇറങ്ങിയിരിക്കുന്നു.കട തുറന്നതേയുള്ളൂ അതിനുമുമ്പ് എത്തിക്കഴിഞ്ഞു. നാണം കെട്ടവൾ കടക്കാരന് കോപം കൂടി. അടുത്തുള്ള ചൂടുവെള്ളം എടുത്ത് ആ സ്ത്രീയുടെ മുഖത്തേക്ക് ഒറ്റ ചീറ്റൽ!! ഇറങ്ങിപ്പോടി നാശമേ!! ഇനി ഇവിടെ നിന്നാൽ കലത്തിലുള്ള മുഴുവൻ  നിന്റെ മേലോട്ട് ഞാൻ

ഒഴിക്കും.അപ്പോൾ സ്ത്രീമൃദുലമായി പറഞ്ഞു സഹോദരാ "എനിക്ക് തരാനുള്ളത് ഏതായാലും നിങ്ങൾ തന്നുകഴിഞ്ഞു ഇനി ഈ കുട്ടിക്കുള്ള ഒരു ഇത്തിരി പാല് തരുമോ "

അപ്പോഴാണ്' കടക്കാരൻ അത് അവളുടെ കുട്ടിയല്ല എന്ന് മനസ്സിലായത് അങ്ങനെ അവളുടെ ആ വാക്കുകൾ കേട്ട് അയാൾ കുട്ടിക്ക് പാല് കൊടുത്തു.അങ്ങനെസ്ത്രീ ദൈവത്തോട് പ്രാർത്ഥിച്ചു." ദൈവമേ തെരുവിൽ ഉപേക്ഷിച്ചു പോയ ഏതൊരു കുട്ടിയെയും പട്ടിണി കിടത്തല്ലേ"

അപ്പോഴാണ്' കടക്കാരൻ അത് അവളുടെ കുട്ടിയല്ല എന്ന് മനസ്സിലായത് അങ്ങനെ അവളുടെ ആ വാക്കുകൾ കേട്ട് അയാൾ കുട്ടിക്ക് പാല് കൊടുത്തു.അങ്ങനെസ്ത്രീ ദൈവത്തോട് പ്രാർത്ഥിച്ചു." ദൈവമേ തെരുവിൽ ഉപേക്ഷിച്ചു പോയ ഏതൊരു കുട്ടിയെയും പട്ടിണി കിടത്തല്ലേ"

Fathima Fahmida. K
9D
ടി എസ് എസ് വടക്കാങ്ങര

# കുട

ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീട് ഉണ്ടായിരുന്നു. ഒരു പയ്യനും, അവന്റെ അനിയത്തിയും, അവരുടെ അച്ഛനും അമ്മയും അടങ്ങുന്ന ഒരു കൊച്ചു കുടുംബമാണ് താമസിച്ചിരുന്നത്. ആ ആൺകുട്ടിയുടെ പേര് ആകാശ് എന്നും പെൺ കുട്ടിയുടെ പേര് മേഘ എന്നുമാണ്. ഒരു ദിവസം മേഘക്ക് സ്ക്രൂൾ ഉണ്ടായിരുന്നില്ല എന്നാൽ ആകാശിന് സ്ക്രൂൾ ഉണ്ടായിരുന്നു. വൈകുന്നേരം ആയപ്പോഴേക്കും മഴ പെയ്യാൻ തുടങ്ങി. അപ്പോഴാണ് അവൾക് ഓർമ വന്നത് ചേട്ടൻ കുട എടുക്കാൻ മറന്നിരുന്നു എന്ന്. അവൾ കുട എടുത്ത് ചേട്ടന്റെ സ്ക്രൂളിലേക്ക് പുറപ്പെട്ടു പോകുന്ന വഴിയിൽ ഒരു കുഴി ഉണ്ടായിരുന്നു അവൾ അത് ശ്രദ്ധിച്ചില്ല അതിൽ വീണു അവളുടെ നെറ്റിയിലും കൽമുട്ടിലും മുറിവ് ആയി. അവൾ കരഞ്ഞു കൊണ്ടിരുന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ അവളുടെ അമ്മയും അച്ഛനും അവളെ തിരഞ്ഞു വന്നു അപ്പോഴാണ് അവർ കാണുന്നത് മുറിവ് പറ്റികിടക്കുന്ന അവരുടെ മകളെ അവർ ഹോസ്പിറ്റലിൽ കൊണ്ടുപോയി അവൾക് വേണ്ട മരുന്നുകൾ എല്ലാം വാങ്ങി വീട്ടിലേക് മടങ്ങി അപ്പോഴേക്കും മഴയെല്ലാം കുറഞ്ഞിരുന്നു അവർ വീട്ടിലേക് എത്തുമ്പോൾ വീടിന്റെ മുന്നിൽ ചേട്ടൻ നില്കുന്നുണ്ടായിരുന്നു. ചേട്ടനെ അമ്മ വഴക്കു പറഞ്ഞു. അവൻ കാര്യങ്ങൾ മനസിലായപ്പോൾ അവന്റെ മുഖം കുറ്റബോധം കാരണം താഴ്ന്നു.

Haifa cp
9-G

# സൗഹൃദത്തിൻ്റെ പൂന്തോട്ടം

ണരുവുകളിൽ വർണ്ണാഭമായ വീടുകൾ നിറഞ്ഞ ഒരു മനോഹരമായ അയൽപക്കത്ത്, ലില്ലി, ജാക്ക് എന്ന് പേരുള്ള രണ്ട് അയൽക്കാർ താമസിച്ചിരുന്നു. വർഷങ്ങളായി അവർ അടുത്തടുത്താണ് താമസിക്കുന്നത്, എന്നാൽ അവരുടെ വീടുകൾക്കിടയിൽ ഉയരമുള്ളതും ഗംഭീരവുമായ ഒരു മതിൽ നിർമ്മിച്ചു, അവരെ പരസ്പരം വേർപെടുത്തി.

ലില്ലിയും ജാക്കും താമസം മാറുന്നതിന് വളരെ മുമ്പുതന്നെ മതിൽ അവിടെ ഉണ്ടായിരുന്നു, കാലക്രമേണ, അത് ഉയരവും കട്ടിയുള്ളതുമായി വളർന്നു, രണ്ട് അയൽക്കാർ തമ്മിലുള്ള ആശയവിനിമയമോ ബന്ധമോ തടഞ്ഞു. ലില്ലിയും ജാക്കും പരസ്പരം സംസാരിച്ചിരുന്നില്ല, ഓരോരുത്തരും അവരവരുടെ സ്വന്തം ജീവിതവും അവർക്കിടയിൽ നിലനിന്നിരുന്ന തടസ്സവും കൊണ്ട് വിഴുങ്ങി.

ഒരു ദിവസം, ഒരു കൊടുങ്കാറ്റ് സമീപപ്രദേശത്തുകൂടി ആഞ്ഞടിച്ചു, ലില്ലിയുടെയും ജാക്കിൻ്റെയും ഇടയിലുള്ള മതിൽ തകർന്നു. നാശനഷ്ടങ്ങളുടെ കണക്കെടുക്കാൻ പുറത്തേക്ക് ഇറങ്ങിയപ്പോൾ, അവർ ആദ്യമായി മുഖാമുഖം കണ്ടു. ആ നിമിഷം, പരസ്പരം വേഗത്തിൽ എത്താത്തതിനാൽ തങ്ങൾ എത്രമാത്രം നഷ്ടപ്പെട്ടുവെന്ന് അവർക്ക് മനസ്സിലായി.

മതിൽ പുനർനിർമിക്കുന്നതിനുപകരം, ലില്ലിയും ജാക്കും ചേർന്ന് അതിൻ്റെ സ്ഥാനത്ത് മനോഹരമായ എന്തെങ്കിലും സൃഷ്ടിക്കാൻ തീരുമാനിച്ചു. വർണ്ണാഭമായ പൂക്കളും സുഗന്ധമുള്ള ഔഷധസസ്യങ്ങളും പൂക്കുന്ന ഒരു പൂന്തോട്ടം അവർ നട്ടുപിടിപ്പിച്ചു, അവർ തമ്മിലുള്ള പുതിയ ബന്ധത്തിൻ്റെയും സൗഹൃദത്തിൻ്റെയും പ്രതീകമായി.

അവർ ഒരുമിച്ച് പൂന്തോട്ടത്തിലേക്ക് പോകുമ്പോൾ, ലില്ലിയും ജാക്കും കഥകളും ചിരിയും കണ്ണീരും പങ്കിട്ടു, ഇത്രയും കാലം തങ്ങളെ അകറ്റി നിർത്തിയ തടസ്സങ്ങൾ തകർത്തു. അവർ സങ്കൽപ്പിച്ചതിലും കൂടുതൽ സാമ്യമുണ്ടെന്ന് അവർ കണ്ടെത്തി, പരസ്പരം സഹവാസത്തിൽ ആശ്വാസം കണ്ടെത്തി.

ഈ പൂന്തോട്ടം അയൽപക്കത്തെ ഐക്യത്തിന്റെയും ധാരണയുടെയും പ്രതീകമായി മാറി, മറ്റുള്ളവരെ അവരുടെ ഹൃദയങ്ങൾക്കിടയിലുള്ള മതിലുകൾ തകർത്ത് ബന്ധത്തിന്റെയും അനുകമ്പയുടെയും സൗന്ദര്യം ഉൾക്കൊള്ളാൻ പ്രചോദിപ്പിച്ചു.

അങ്ങനെ, ലില്ലിയുടെയും ജാക്കിന്റെയും ഒരിക്കൽ വിഭജിക്കപ്പെട്ട ഹൃദയങ്ങൾ ഒരു പങ്കിട്ട പൂന്തോട്ടത്താൽ ഒന്നിച്ചു, മതിലുകൾ തകർക്കപ്പെടുകയും ഹൃദയങ്ങൾ തുറക്കപ്പെടുകയും ചെയ്യുമ്പോൾ യഥാർത്ഥ ബന്ധവും സൗഹൃദവും തഴച്ചുവളരുമെന്ന ഓർമ്മപ്പെടുത്തൽ.

-Shifin Roshan EC
9 I

# കിളിക്കൂട്

ഒരു കാട്ടിൽ ഒരാമ താമസിച്ചിരുന്നു പുഴക്കരയായിരുന്നു വാസസ്ഥലം.പുഴയുടെ തീരത്തുള്ള മരത്തിൽ ഒരു കുരുവി കൂടുകൂട്ടുന്നുണ്ടായിരുന്നു.ഒരുപാട് ദിവസങ്ങൾക്ക് ശേഷം കുരുവി തൻ്റെ കൂട് നിർമ്മാണം പൂർത്തിയാക്കി . അവർ അവിടെ താമസം തുടങ്ങി.

അമ്മക്കുരുവിയും ആമയും വളരെ പെട്ടെന്ന് ചങ്ങാതിമാരായി, ദിവസവും അവർ പുഴക്കരയിൽ സംസാരിച്ചിരിക്കും.ഒരിക്കൽ ആമ കുരുവിയോട് പറഞ്ഞു" നിങ്ങൾക്ക് വീടുണ്ടാക്കാൻ വളരെ ബുദ്ധിമുട്ടാണ്. ഉണ്ടാക്കിയ വീട് ഭംഗിയുമില്ല. മാത്രമല്ല,മഴപെയ്താൽ നനയുകയും ചെയ്യും. എനിക്ക് എന്റെ പുറംതോട് തന്നെയാണ് കൂട്. മഴപെയ്താലും നനയില്ല" അമ്മക്കുരുവി പറഞ്ഞു." നീ പറഞ്ഞതെല്ലാം ശരിയാണ് . പക്ഷെ, എൻ്റെ കൂട്ടിൽ എൻ്റെ കുടുംബം. മൊത്തം താമസിക്കുന്നു. നിന്റെ കൂട്ടിൽ നീ മാത്രവും ".

- Fathima Meharish
10M

# മന്ത്രിക കുടം

ഒരിടത്ത് രാജു എന്ന പേരുള്ള നല്ലവനായ കൃഷിക്കാരൻ ഉണ്ടായിരുന്നു അയാൾ എല്ലാവരെയും സഹായിച്ചിരുന്നു രാജുവിന് ഒരുപാട് വിളകൾ ഉണ്ടായിരുന്നു പക്ഷേ, ഒരു കനത്ത മഴയെ തുടർന്ന് ആ വിളകൾ എല്ലാം നശിച്ചു പോയി രാജുവിന് ഒരുപാട് സങ്കടം ആയി അയാളുടെ കുടുംബം ദാരിദ്ര്യത്തിലും പട്ടിണിയിലും ആയി അങ്ങനെയിരിക്കെ രാജു കാട്ടിലേക്ക്  മണ്ണ് അന്വേഷിച്ച് പോയി. രാജു അവിടെ കൃഷിക്ക് അനുയോജ്യമായ മണ്ണ് കണ്ടു രാജു ആ മണ്ണ് എടുക്കാൻ തുടങ്ങി പെട്ടെന്ന് ആ മണ്ണിൽ



നിന്നും ഒരു വലിയ സർപ്പം പുറത്ത് വന്നു രാജു ഒന്ന് പേടിച്ചു ആ സർപ്പം അയാളുടെ അടുത്ത് വന്ന് ഇത് തൻ്റെ വാസസ്ഥലം ആണെന്നും ഈ മണ്ണ് എടുക്കരുത് എന്നും പറഞ്ഞു എപ്പോൾ രാജു ഈ മണ്ണ് തനിക്ക് വേണമെന്നും താനും തൻ്റെ കുടുംബവും പട്ടിണിയിലും ദാരിദ്ര്യത്തിലും ആണ് എന്നുമെല്ലാം ആ സർപ്പതിനോട് പറഞ്ഞു ഇത് കേട്ട ആ സർപ്പം പറഞ്ഞു: ഈ മണ്ണ് നിങ്ങൾ എടുക്കാതെ ഇരുന്നാൽ ഞാൻ നിങ്ങളെ സഹായിക്കാം ഇത് കേട്ട രാജുവിന് അൽഭുതം ആയി അവൻ ചോദിച്ചു നീ എങ്ങനെ എന്നെ സഹായിക്കും ? അപ്പോൾ സർപ്പം ഒരു കുടം രാജുവിന് നൽകി എന്നിട്ട് പറഞ്ഞു വീട്ടിൽ ചെന്നിട്ട് നിങ്ങൾ ഈ കുടം തുറന്ന് നോക്കുക രാജു ആ സർപ്പം പറഞ്ഞത് പോലെ വീട്ടിൽ ചെന്ന് ആ കുടം തുറന്ന് നോക്കി ആ കുടത്തിൽ നിറയെ സ്വർണ നാണയങ്ങൾ ! രാജു അൽഭുതപെട്ടു . പിന്നീട് രാജു ആ സ്വർണ നാണയങ്ങൾ ഉപയോഗിച്ച് നല്ല ഒരു വീടുണ്ടക്കുകയും സന്തോഷത്തോടെ ജ്ജീവിക്കുകയും ചെയ്തു . അപ്പോയും രാജു എല്ലാവരെയും സഹായിച്ച് കൊണ്ടിരുന്നു.

-Najdha
9G

# ഇനിയും ഉണരാത്തവർ

ഒരിടത്ത് മഞ്ജു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു
അവളുടെ കൂട്ടുകാരിയായിരുന്നു അനഘ
ഒരു ദിവസം മഞ്ജുവിനോട് അനഘ ചോദിച്ചു : നിനക്ക് ചെറുപ്പത്തിൽ എന്താകാൻ ആയിരുന്നു ആഗ്രഹം
കുറച്ച് സമയത്തേക്ക് മഞ്ജു ഒന്നും പറഞ്ഞില്ല
അപ്പോൾ അനഘ ചോദിച്ചു :നിനക്കെന്തു പറ്റി അപ്പോൾ മഞ്ജു പറഞ്ഞു: ഏയ്....ഒന്നുമില്ല ഞാൻ പഴയ കാര്യങ്ങൾ ആലോചിച്ചതാണ് ഞാൻ ഓർക്കാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ
അതെന്താണ്: അനഘ ചോദിച്ചു
മൂന്നാം തരത്തിൽ പഠിക്കുമ്പോൾ എനിക്ക് പാടാൻ നല്ല ഇഷ്ടമായിരുന്നു സ്ക്കൂൾ കലോത്സവത്തിന് ഞാൻ പാട്ടുപാടാൻ തീരുമാനിച്ചു അമ്മയും അച്ഛനും എനിക്ക് നല്ല പിന്തുണ തന്നു അങ്ങനെ ഞാൻ അന്നത്തെ ദിവസം പാടാനായി വേദിയിലേക്ക് കയറി പക്ഷേ... എന്തോ ഞാൻ പാടുന്നതിനിടയിൽ എന്റെ ശബ്ദം ഇടറി ഞാൻ ചുമക്കാൻ തുടങ്ങി അങ്ങനെ ഞാൻ അവിടെ നിന്നിറങ്ങി ഒരുപാട് പേർ എന്നെ പരിഹസിച്ചു അത് സഹിക്കാൻ കഴിയാതെ ഞാൻ എന്റെ പാട്ട് എന്ന സ്വപ്നം ഉപേക്ഷിച്ചു
മഞ്ജു നീ എന്താണ് പറയുന്നത് നമുക്കൊരു തെറ്റ് പറ്റുന്നത് നോക്കി നിൽക്കുന്നവരാണ് അവർ ഇനിയും ഉണരാത്തവരാണ് നമ്മൾ വേണം അവരെ ഉണർത്താൻ മറ്റുള്ളവർക്ക് വേണ്ടി നമ്മൾ നമ്മുടെ സ്വപ്നങ്ങൾ ഉപേക്ഷിക്കരുത് നമ്മൾ അത് നിറവേറ്റണം അപ്പോൾ നമ്മളെ അന്ന് പരിഹസിച്ചവർ നമുക്ക് വേണ്ടി കയ്യടിക്കും

അങ്ങനെ മഞ്ജു ഒമ്പതാം തരത്തിൽ കലോത്സവത്തിന് പാട്ടുപാടി അന്ന് അവളെ പരിഹസിച്ചവർ ഇന്ന് അവൾക്ക് വേണ്ടി കൈയടിച്ചു....

Fathima Fidha k
9-G

# പ്രകൃതിയും മനുഷ്യനും

മാറുന്ന നദിയുടെ നിറവും,
മറന്നുപോകുന്ന കാലത്തിന്റെ നിറവും,
കാറ്റുകളുടെ മുഖവും,
മനോഹരമായ സമീപനവും.

എന്നെപ്പോലെ മനുഷ്യന്റെ മനസ്സ്,
കുഴപ്പങ്ങളും സന്തോഷങ്ങളും,
പ്രശ്നങ്ങളും ഉത്തരങ്ങളും,
അനുഭവങ്ങളും സ്വപ്നങ്ങളും.

വെള്ളിയും കാറ്റും മഴയും,
അവയുടെ രസഭരിതമായ മധുരമെന്നിലും,
എന്നെപ്പോലെ മനുഷ്യന്റെ ഹൃദയത്തിലും,
സുഖവും ദുഃഖവും ഉള്ളതായിരിക്കണം.

-Fahal. A
9H

# മലയാൺമ

ഞാൻ മലയാൺമയിൽ
നിന്ന്
ഒരു പ്രകാശത്തെ
ഒരു നാദധാരയെ
ഒരു പരിമള ഗന്ധത്തെ
ഒരാലിംഗന സുഖത്തെ
അനുഭവിക്കുന്നു.

കൃഷ്ണദാസ് മാഷ്

# മഴ

മഴ മഴ മഴ മഴ പെയ്യുന്നേ
കുട കുട കുട കുട ചൂടുന്നേ
മണ്ണിൽ സുഗന്ധം ഉയരുന്നേ
കാറ്റിൽ ചെടികൾ ആടുന്നേ
പാറ്റകൾ പാറി നടക്കുന്നേ
കുട്ടികൾ മഴയിൽ കളിക്കുന്നേ
ആഹാ ആഹാ
മഴ മഴാ കുട കുടാ
മഴ മഴ മഴ മഴ പെയ്യുന്നേ
കുട കുട കുട കുട ചൂടുന്നേ...

-Risa
9H

# ആക്കാലം

തിരിയാആക്കാലം

കാണുന്നതല്ലാം കയ്യിലി ലെടുത്തു
ഞെക്കിയ നേരം ഓർമ്മകൾ ബാക്കിയാക്കി ക്കാലം
ചിരിക്കുന്ന നേരം കരയാൻ പഠിപ്പിച്ചു

ഞാൻ, ആരും കാണാതെ ക്ഷമിക്കാനും പഠിച്ചു
കഴിഞ്ഞു വിധികു മുന്നിലായി
എല്ലാം നാഥന്റെ കനി വാണ്
നേടിയതും നഷ്ടമായതും എല്ലാം

-Hadhiya
9G

# മഴ

മഴ മഴ മഴ മധുര മഴ
തുള്ളി തുള്ളി വരുന്ന മഴ
ചീറി ചീറി വരുന്നൊരു ചില്ലു മഴ
പല പല നിറമതാ മാനത്ത്
കുളിരെകുന്നൊരു മഴവില്ല്
മഴ മഴ മഴ പെയ്യുന്നു
തുള്ളി തുള്ളി വരുന്ന മഴ

-Hiba sherin
9H

# ഓർമ

മഴയും നനുത്ത കാൽപ്പാടുകളും സ്വപ്നങ്ങളും മനസ്സിൽ നിറയുന്നു,
ജീവിതത്തിന്റെ ഈണത്തിൽ,
വികാരങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വളരെ
ദിവ്യമായ സൗഹൃദത്തിന്റെ യോജിപ്പോടെ,
കാലത്തിന്റെ പാത്രത്തിൽ നാം തിളങ്ങുന്നു.

--Hanan Muhammed
9J

# അമ്പിളിമാമാ...

അമ്പിളിമാമാ അമ്പിളിമാമാ....
താഴേകൊന്ന് ഇറങ്ങാമോ
അമ്പിളിമാമാ അമ്പിളിമാമാ....
എന്നോടൊത്ത് കളിക്കാമോ

ഓലപ്പീപ്പി ഞാൻ തന്നീടാം
കളിപ്പാവയും തന്നീടാം..
ഇത്തിരി നേരം എന്നോടൊത്ത് -
കളിക്കാമോ പോന്നമ്മാവാ..

അമ്പിളിമാമാ അമ്പിളിമാമാ....
താഴേകൊന്ന് ഇറങ്ങാമോ
അമ്പിളിമാമാ അമ്പിളിമാമാ....
എന്നോടൊത്ത് കളിക്കാമോ

-Alfiya.kk
9-I

# മാതൃഭാഷ

ആളു വളരാനും മാതൃഭാഷ വേണം
നാടുവളരാനും മാതൃഭാഷ വേണം
നേരറിയാനും നല്ലോണം ചൊല്ലാനും
നേരാകുമീ മാതൃഭാഷ വേണം

മാതൃഭാഷാ പഠനം വളർച്ചയാണ്
അജ്ഞനത തന്നുടെയമർച്ചയാണ്
മാതൃഭാഷ പഠിക്കായ്ക വിളർച്ചയാണ്
സന്തുഷ്ട ജീവിതത്തിൻറെ തളർച്ചയാണ്

-Fathima najiya
9J

# മാനുഷ്യർ

ജന്മം തന്നൊരാ ധർമ്മഭൂമിയെ,
കൊന്നിടുവാൻ ആർത്ഥദാഹം.
ആർത്ഥകരങ്ങളിൽ പണത്തിനു മീതെ,
അത്യാഗ്രഹവും ദുരുപയോഗങ്ങളും.
കൊന്നും രക്തം ചീന്തിയും ചതിച്ചും
നടക്കും ഈ മനുഷ്യർക്ക് മടക്കയാത്രയ്ക്ക് തെല്ല് നേരമോ.

-Rabsha
9-I

# അവസാനശ്വാസം

ജീവിച്ചുകൊണ്ട് ഞാൻ എഴുതുകയാണ്. ജീവിക്കാൻ
കഴിയാത്തവരുടെ വാക്കുകൾ വരച്ചിടുകയാണ്
ഞാൻ എന്ന രണ്ടക്ഷരത്തെ പേനയിലെ മഷി തീരും വരെ.
വിളക്കിലെ വെളിച്ചം അണയും വരെ.
എന്റെ ശ്വാസം നിലക്കും വരെ.
ഞാൻ എഴുതും
ഞാൻ പോരാടും
എന്ന്...../
അവസാനത്തെ തുള്ളി!!

-Fathima Fahmida K
9D

# പ്രവാസം

ഒരുമിച്ചു ജീവിക്കാനായിരുന്നു മോഹം,
ഓർത്തു ജീവിക്കാനായിരുന്നെൻ വിധി
ഒരിടത്തു ശരീരവും മനസ്സും,
ഒരു മെഴുകുതിരിപോൽ ഉരുകിടുന്നു.

കാണാൻ കൊതിച്ചിടും ജന്മങ്ങൾ,
കാറ്റിൽ പറത്തിയ സ്വപ്നങ്ങൾ,
കാലുറപ്പിച്ച ഭവന ചാരുതയിൽ,
കാലങ്ങളോളം ഓർത്തു വിതുമ്പുന്നു.

പട്ടിണി പ്രാരാബ്ധം അകലും മുമ്പേ,
പ്രവാസി വാർധക്യ രോഗവുമായി,
പറന്നുയരുന്ന പ്രവാസ മോഹം,
പടവെട്ടിയ മുറിവുകൾ ബാക്കിയായി...

-Shifin Roshan EC
9 I

# സ്ത്രീ

ഒതുങ്ങിയതല്ലവൾ
ഈ നാലു ചുമരുകൾക്കുള്ളിൽ
ഒതുക്കി;സമൂഹമവളെ
ഈ ഇരുട്ടറക്കുള്ളിൽ
അവൾക്കുമുണ്ടായിരുന്നു വേറെ കിനാവുകൾ
പക്ഷേ, അത് പുകച്ചുരുളുകൾക്കിടയിൽ മറഞ്ഞു പോയി
ജ്വലിക്കുന്ന തീ നാളമായിരുന്നവൾ
ഉറഞ്ഞു തുള്ളുന്ന ഭ്രാന്തിയായിരുന്നവൾ
എവിടെയാണവൾ
ബന്ധിയണെന്നത് നിശ്ചയമില്ല
സ്ത്രീയായതു കൊണ്ടോ  അതോ.....
കെട്ടുതാലിയുടെ ഭാരം കൊണ്ടോ....?

-Nidha
9-J

# വസന്തം

ഇരുളിൽ മറനീക്കി
ഉഷസുണരുമ്പോൾ
നമ്മിലുണരുന്നിതാ
പുതുപുത്തൻ പുലരിയും
ഓരോ പുലരിയും
പ്രതീക്ഷകളേകുന്നു
ഓരോ പ്രതീക്ഷയും
വസന്തമായ് മാറിടും
പുതുപുത്തൻ കാഴ്ച്ചകളായിട്ടും

-Fathima Meharish
10M

# അമ്മ

സഹജം ദൃഷ്ടിയിലെന്റെ ആദ്യ അദ്ധ്യാപിക,
വിവേജനവിവർത്തനമില്ല വിദ്യാർത്ഥികളെ.
ചൂരലും തീഷ്ണതഭാവവുമില്ലാതെ
പഠിപ്പിച്ചു തൻപേർ ആദ്യമേ
ഇമ്മിണി വലുതായാലും എന്നുമെൻ
ആദ്യ അദ്ധ്യാപകിയായ അമ്മയെൻ മാലിക് തന്നെ.

-Rabsha
9-I

# പ്രകൃതി

നേരം വെളുത്തത് എന്നെ അറിയിക്കുമോ....
ശബ്ദങ്ങൾ എൻ കാതിൽ മുഴങ്ങി നിൽപ്പൂ-


ഇളംകാറ്റിൽ എന്നെ മാടിവിളിക്കുമോ.... ആ പ്രഭാത
പുലരിയിൽ വിരിഞ്ഞു നിൽക്കുന്ന പൂവിൻ സുഗന്ധം....

നേരം വെളുത്തത് എന്നെ അറിയിക്കുമോ...
ശബ്ദങ്ങൾ എൻ കാതിൽ മുഴങ്ങി നിൽപ്പൂ..

-Fathima Fidha k
9-G



-Nazal Naseem k
9J



-Nazal Naseem k
9J











# നന്ദി...